# വ്യവസായ കേരളം

07

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 DECEMBER 2021





## കേരള കൈത്തറി ബ്രാൻഡിംഗ് പദ്ധതിയുടെ ഉദ്ഘാടനവും കേരള കൈത്തറി മുദ്രയുടെ പ്രകാശനവും

### ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചു

കേരളത്തിന്റെ മൂല്യവർധിത കൈത്തറി ഉൽപ്പന്നങ്ങളെ ദേശീയ - അന്തർദേശീയ തലത്തിലേക്ക് എത്തിക്കുന്നതിനായുള്ള ബ്രാൻഡിംഗ് പദ്ധതിയുടെ ഉദ്ഘാടനവും കേരള കൈത്തറി മുദ്രയുടെ പ്രകാശനവും ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചു. കേരള കൈത്തറി ഉൽപ്പന്നങ്ങളുടെ വിപുലമായ വിപണി സാധ്യതകൾ കണ്ടെത്തുകയും നൂതന ഡിസൈൻ ആശയങ്ങൾ കൈത്തറിയിൽ കൊണ്ടു വരുകയുമാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. കേരള കൈത്തറി മുദ്രക്ക് കീഴിലുള്ള ഉൽപ്പന്നങ്ങൾ ഓൺലൈൻ വിപണിയിലും ദേശീയ - അന്തർദേശീയ വിപണികളിലും സാന്നിദ്ധ്യം ഉറപ്പാക്കാനും പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു.

ഭാവിയിൽ കേരളത്തിലുടനീളമുള്ള കൈത്തറി സംഘങ്ങളും മറ്റ് കൈത്തറി കലാകാരന്മാരും ഇനി നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ പുതുതായി രൂപകൽപന ചെയ്ത ഈ ലോഗോ ഉപയോഗിച്ചാണ് ബ്രാൻഡ് ചെയ്യുക.

ഇതിനൊപ്പംതന്നെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കണ്ണൂരിന്റെ സഹകരണത്തോടുകൂടി ആധുനിക ലോകത്തിനനുസൃതമായ ഫാഷനിലുള്ള കൈത്തറി ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഹാന്റ്ലൂം ഡയറക്ട്രേറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതിയിൽ വീവേഴ്സ് സർവീസ് സെന്ററിന്റെയും ഹാന്റെക്സിന്റെയും ഹാന്റ് വീവിന്റെയും സഹകരണവുമുണ്ട്.

## കീഡ് ഇനി സംരംഭകത്വ വികസനത്തിലെ മികവിന്റെ കേന്ദ്രം

സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (കീഡ്)നെ സംരംഭകത്വ വികസനത്തിലെ മികവിന്റെ കേന്ദ്രമായി ബഹു. നിയമ വ്യവസായ കയർ വകുപ്പു മന്ത്രി പി. രാജീവ് പ്രഖ്യാപിച്ചു. 2021 ഡിസംബർ ഏഴാം തീയതി തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ കീഡിന്റെ ലോഗോയും പ്രകാശിപ്പിച്ചു. സംരംഭകത്വ വികസനത്തിലെ ഗവേഷണം പ്രോത്സാഹിപ്പിക്കുക, സംരംഭകർക്ക് ആവശ്യമായ നൂതന പരിശീലന പരിപാടികൾ വികസിപ്പിക്കുക, സംരംഭകത്വ മേഖലയിൽ പുതിയ വികസന പദ്ധതികൾ നടപ്പിലാക്കുക, സാമ്പത്തിക സഹായത്തെ സംബന്ധിച്ചുള്ള മാർഗ്ഗനിർദേശങ്ങളും പ്രൊഫഷണലായ നടത്തിപ്പിന് ആവശ്യമായ സഹായവും നൽകുക എന്നിവയാണ് കീഡ് പ്രധാനമായും ലക്ഷ്യമിടുന്നത്.




കുട്ടികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് 700 ഓളം സംരംഭകത്വ വികസന ക്ലബുകൾ സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ട്. 2022 മേയ് മാസത്തോടെ ഇത് 1,000 ആക്കി ഉയർത്തുമെന്നും ചടങ്ങിൽ മന്ത്രി പ്രഖ്യാപിച്ചു.

കീഡിന്റെ മാസ്റ്റർ പ്ലാൻ വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ ഇളങ്കോവൻ ഐ.എ.എസിന് ബഹു. മന്ത്രി കൈമാറി. വ്യവസായ വകുപ്പ് അഡിഷണൽ ഡയറക്ടർ കെ സുധീർ, കീഡ് സി.ഇ.ഒ & എക്സിക്യൂട്ടിവ് ഡയറക്ടർ ശരത് വി രാജ്, പ്രോഗ്രാം എക്സിക്യൂട്ടിവ് ആർ രാഹുൽ എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.



## ജില്ലാ ജനറൽ മാനേജർമാരുടെ മന്ത്രിതല അവലോകനയോഗം

### തിരുവനന്തപുരം ഐ.എം.ജി യിൽ സംഘടിപ്പിച്ചു

ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ അവലോകന യോഗം ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവിന്റെ അധ്യക്ഷതയിൽ 29.11.2021 തീയതിയിൽ തിരുവനന്തപുരം ഐ.എം ജി യിൽ സംഘടിപ്പിച്ചു. വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ് ഉൾപ്പെടയുള്ള ഉദ്യോഗസ്ഥർ വകുപ്പ് നടപ്പിലാക്കുന്ന വിവിധങ്ങളായ പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും വിശദമായ അവലോകനം നടത്തി. ജില്ലാതല ഉദ്യോഗസ്ഥരുടെ വിവിധ അഭിപ്രായങ്ങളും നിർദേശങ്ങളും ബഹു. മന്ത്രി യോഗത്തിൽ വിശദമായി കേട്ടു. തുടർന്ന് വകുപ്പിന്റെ വരും വർഷത്തിൽ നടപ്പാക്കേണ്ട സുപ്രധാന പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന വിശദമായ മാർഗനിർദേശങ്ങൾ യോഗത്തിൽ ബഹു. മന്ത്രി നൽകി.

കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ച് മാത്രമേ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം സാധ്യമാകു എന്ന് ബഹു. മന്ത്രി അറിയിച്ചു.

സംസ്ഥാനത്താകെ നടത്തിയ മീറ്റ് ദി മിനിസ്റ്റർ പരിപാടിയിൽ വ്യവസായ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് മികച്ച അഭിപ്രായമാണ് ലഭിച്ചിട്ടുള്ളത്.ഇത് കൂടുതൽ മെച്ചപ്പെടുത്തുന്നതിലേയ്ക്കുള്ള പ്രവർത്തനങ്ങളാണ് വരും വർഷങ്ങളിൽ നടത്തേണ്ടത്.ഇതിലേക്കായി 2022-23 വർഷം സംരംഭക വർഷമായി കണ്ട് എം.എസ്. എം.ഇ മേഖലയിൽ 1 ലക്ഷം സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുവാനും ബഹു. മന്ത്രി നിർദേശം നൽകി.

ഇതിലേക്കായി 14 ജില്ലകൾക്കും പ്രത്യേകം ലക്ഷ്യം ഉണ്ടാകും. അതോടൊപ്പം ഓരോ ഉദ്യോഗസ്ഥനും കൃത്യമായ ടാർഗറ്റ് നൽകി ലക്ഷ്യം കൈവരിക്കുന്നതിനുള്ള ചിട്ടയായ പ്രവർത്തനം നടത്തണമെന്നും, ലക്ഷ്യം സമയബന്ധിതമായി പൂർത്തീകരിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രത്യേക പുരസ്കാരം നൽകുമെന്നും ബഹു. മന്ത്രി വ്യക്തമാക്കി.







## സംരംഭകർക്ക് കരുത്തേകാൻ കേരള അഗ്രോ ഫുഡ് പ്രോ 2021, ഡിസംബർ 17 മുതൽ 20 വരെ തിരുവനന്തപുരത്ത്

KERALA AGRO FOOD PRO 2021

*Industries for Food Security...*

**17-20 December 2021**

Police Parade Ground, Thycaud, Thiruvananthapuram

സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് സംഘടിപ്പിക്കുന്ന കേരള അഗ്രോ ഫുഡ് പ്രോ 2021 പ്രദർശന വിപണനമേള തിരുവനന്തപുരം, തൈക്കാട് പോലീസ് ഗ്രൗണ്ടിൽ 2021 ഡിസംബർ 17 മുതൽ 20 വരെ നടക്കും. രാവിലെ 11 മണി മുതൽ രാത്രി 8 മണി വരെയാണ് പ്രദർശന സമയം. കാർഷിക മേഖലയിലെ തനത് വിളകളുടേയും കാർഷികാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും യന്ത്രങ്ങളുടെയും പ്രദർശനവും വിപണനവുമാണ് മേളയിൽ ഒരുക്കിയിരിക്കുന്നത്. ചെറുകിട വ്യവസായ സംരംഭകർ ഉൾപ്പെടെയുള്ളവർക്ക് വിപണിയിൽ ഉറച്ച ചുവട് വെക്കുന്നതിനും നവ വിപണിയടക്കമുള്ള മൊത്തവ്യാപാര വിപണിയിൽ കരുത്തോടെ മുന്നേറാനുമുള്ള ലക്ഷ്യത്തോടെയാണ് സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മേള സംഘടിപ്പിക്കുന്നത്.

ഉൽപ്പന്നങ്ങളുടെ സൂക്ഷിപ്പുകാലം, ഗുണമേന്മ, നവവിപണിയും, മൊത്തവ്യാപാര വിപണിയും ഉറപ്പു വരുത്താൻ ഉതകുന്ന സാങ്കേതിക ശിൽപ്പശാലകളും, സംരംഭകരുടെ സുസ്ഥിര വികസനത്തിനുവേണ്ടി മേളയിൽ സംഘടിപ്പിച്ചിട്ടുണ്ട്. നവീന പാക്കിങ് സാങ്കേതിക വിദ്യയിലൂടെ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തി സംരംഭകരുടെ സാമ്പത്തിക സാശ്രയത്വം ഉറപ്പ് വരുത്താൻ ഉതകുന്ന പദ്ധതികളും മേളയിലൂടെ വിഭാവനം ചെയ്തിട്ടുണ്ട്. ഈ ഉൽപന്നങ്ങളുടെ വിപണി ഉറപ്പ് വരുത്തുന്നതിനായി ബിസിനസ് മീറ്റും മേളയിൽ സംഘടിപ്പിക്കുന്നുണ്ട്.

ഒരു ജില്ല ഒരു ഉത്പന്നം' പദ്ധതിയിലൂടെ എല്ലാ ജില്ലകളിലെയും തനത് കാർഷികവിളകളുടെ മൂല്യവർധിത ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും ഇതുമായി ബന്ധപ്പെട്ട യന്ത്രങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവയുടെ പ്രദർശനങ്ങളും മേളയിൽ ഉണ്ടാകും. കാർഷികാധിഷ്ഠിത വ്യവസായ മേഖലയിൽ ദേശീയ അന്തർദേശീയ വിപണിയിൽ ഇടപെടാൻ സംരംഭകരെ പ്രാപ്തമാക്കുക, ബ്രാൻഡിംഗ് ഉൾപ്പെടെയുള്ള കാർഷിക ഭക്ഷ്യ സംസ്കരണ മേഖലകളിലെ നവീന പ്രവണതകൾ സംരംഭകരിലേക്ക് എത്തിക്കുക, നൂതന സാങ്കേതിക വിദ്യകൾ സംരംഭകരിലേക്ക് പകരുക, എന്നീ ലക്ഷ്യങ്ങളിലൂടെയാണ് കേരള ആഗ്രോ ഫുഡ് പ്രോ 2021 സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് സംഘടിപ്പിക്കുന്നത്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.